പുതിയ സ്ക്കൂളാണ്. അതിന് ഏരിയാ നോട്ടിഫിക്കേഷൻ വേണം. യു.പി.സ്ക്കൂൾ ഹൈസ്ക്കൂൾ ആക്കുന്നതും പുതിയ സ്ക്കൂളാണ്. ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് പ്ലസ് ടു സ്ക്കൂളുകളുടെ കാര്യം പരിപൂർണ്ണമായി തീർത്ത ശേഷം പുതിയ സക്കൂളുകൾ അനുവദിച്ചാൽ മതിയെന്നാണ് പറയുന്നത്.

(10) എൽ.പി. - യു. പി. സ്കൂൾ അസിസ്റ്റന്റ് നിയമനത്തിന് യോഗ്യരായ പി. എസ്. സി. റാങ്ക് ഹോൾഡർമാർ നേരിടുന്ന പ്രശ്നങ്ങൾ.

ശ്രീ. എൻ. അനിരുദ്ധൻ : സർ, കൊല്ലം ജില്ലയിൽ എൽ.പി. - യു. പി. സ്കൂൾ അസിസ്റ്റന്റുമാരായി നിയമിക്കുന്നത് പി.എസ്.സി തെരഞ്ഞെടുത്ത റാങ്ക് ലിസ്റ്റിൽപ്പെട്ട നിയമനം ലഭിക്കാതെ വന്നിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ദുഃസ്ഥിതിയെക്കുറിച്ചാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിൽ വന്നശേഷം പ്രൈമറി സ്കൂൾ അധ്യാപക നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുണ്ടായിരുന്നു. ആ കേസ് നിലനിന്നതുമൂലം ഏകദേശം ഒരു വർഷത്തോളം ആ ലിസ്റ്റിൽ നിന്ന് നിയമനം നടന്നില്ല. സ്ക്കൂൾ അധ്യയനവർഷം അവസാനിക്കുന്ന ഈ സമയമായതു കൊണ്ട് ഇപ്പോൾ നിയമനം നടത്താറുമില്ല. അങ്ങനെ വരുമ്പോൾ ഈ മാസം റാങ്ക്ലിസ്റ്റിന്റെ കാലാവധി തീരുന്ന, ആ ഉദ്യോഗാർത്ഥികൾക്ക് യാതൊരു കാരണവശാലും ഇനി നിയമനം ലഭിക്കുമെന്നുള്ള പ്രതീക്ഷയുമില്ല. യഥാർത്ഥത്തിൽ അവരുടേതല്ലാത്ത കുറ്റം കൊണ്ട് കാലം നീണ്ടുപോയതിന് അവരെ ശിക്ഷിക്കുന്നതു ശരിയല്ല. പി.എസ്.സി നിയമനത്തിനുവേണ്ടി സെലക്ട് ചെയ്തിട്ടുള്ളവരുടെ ലിസ്റ്റിന്റെ കാലാവധി കുറഞ്ഞപക്ഷം അടുത്ത ആഗസ്റ്റ് വരെയെങ്കിലും നീട്ടിക്കിട്ടുന്നതിനു ഗവൺമെന്റ് ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ സർക്കുലർ പ്രകാരം ക്രീമിലെയർ പ്രശ്നത്തിൽ നിയമന നിരോധനം നിലവിലുണ്ടായിരുന്ന കാലഘട്ടത്തിലുണ്ടായ എല്ലാ ഒഴിവുകളും 24-3-2000-ത്തിന് മുൻപ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സബ്മിഷനിലുന്നയിച്ചിട്ടുള്ള ആവശ്യം കൊല്ലം ജില്ലയിലെ എ.പി.-യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി 24-3-2000-ത്തിൽ തീരുന്നത് 2000 ജൂലൈ 30 വരെ ദീർഘിപ്പിക്കുകയോ അല്ലെങ്കിൽ 2000 മാർച്ച്-ഏപ്രിൽ മാസങ്ങളിലുണ്ടാകുന്ന പെൻഷൻ ഒഴിവുകൾ കൂടി കണക്കിലെടുത്ത് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയോ ചെയ്യണമെന്നുള്ളതാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനോ 2000 മാർച്ച് ഏപ്രിൽ മാസങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്നതിനോ നിർദ്ദേശം നൽകുന്നതിന് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്. അതിനാൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് മാത്രം ഒരു തീരുമാനം ഈ കാര്യത്തിൽ എടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഈ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടത് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കരണ വകുപ്പാണ്. അതിനാൽ ഫയൽ അടിയന്തിര നടപടികൾക്കായി പ്രസ്തുത വകുപ്പിന് കൈമാറുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly